LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേവികുളം താലൂക്കിൽ എ.പി.എൽ., ബി.പി.എൽ. കാർഡുടമകളായ തോട്ടം തൊഴിലാളികൾക്ക് ഒരു രൂപാ നിരക്കിൽ പച്ചരി മാത്രമായി വിതരണം ചെയ്യുന്നില്ല. അലോട്ട്മെന്റിന്റെ ആനുപാതികമായി മുപ്പത് ശതമാനത്തോളം പച്ചരി വിതരണം ചെയ്യുന്നുണ്ട്.

(ബി&സി) തോട്ടം മേഖലകളിൽ കൂടുതൽ പുഴുക്കലരി വിതരണം ചെയ്യുന്നതിന് എഫ്.സി.ഐ.-യിൽ നിന്നും കൂടുതൽ പുഴുക്കലരി ലഭ്യമാക്കുവാൻ എഫ്.സി.ഐ. അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കുള്ള അരി വിതരണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി പരിഹരിക്കുന്നതാണ്.

റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും കള്ളക്കടത്ത്

192 (3942) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിനുശേഷം എത്ര ടൺ റേഷൻ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കള്ളക്കടത്ത് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട് ; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ടൺ ഭക്ഷ്യ ധാന്യങ്ങളും മണ്ണെണ്ണയും പോലീസും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും ചേർന്ന് പിടിച്ചെടുത്തിട്ടുണ്ട്; വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) റേഷൻ സാധനങ്ങളുടെ കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്ര സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവ ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങളുടെ അളവ് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങൾ പൂർണ്ണമായും സംസ്ഥാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശക്തമായ പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ കൈക്കൊള്ളുന്നുണ്ട്. 2011 മേയ് മാസത്തിനുശേഷം 5303 മെ.ടൺ റേഷൻ ഭക്ഷ്യധാന്യങ്ങളും 108 കി.ലി മണ്ണെണ്ണയും കള്ളക്കടത്ത് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ 4465 മെ.ടൺ റേഷൻ ഭക്ഷ്യ ധാന്യങ്ങളും 54 കി.ലി മണ്ണെണ്ണയും പോലീസും സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും ചേർന്ന് 2011 മെയ് മാസത്തിനുശേഷം പിടിച്ചെടുത്തിട്ടുണ്ട്. 2006-2010 വരെയുള്ള കാലയളവിൽ 2254.317 മെ.ടൺ റേഷൻ ഭക്ഷ്യധാന്യങ്ങളും 233.92 കി.ലി മണ്ണെണ്ണയും 7.74 മെ.ടൺ പഞ്ചസാരയുമാണ് പിടിച്ചെടുത്തിരുന്നത്. 2006 മുതൽ 2015 വരെയുള്ള കാലയളവിൽ പിടിച്ചെടുത്ത ഭക്ഷ്യധാന്യങ്ങളുടേയും മണ്ണെണ്ണയുടേയും ജില്ലയും വർഷവും തിരിച്ചുള്ള കണക്ക് അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

(സി) റേഷൻ സാധനങ്ങളുടെ കള്ളക്കടത്തുമായി ബന്ധപ്പെട്ട് 5 സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

(ഡി) കഴിഞ്ഞ നാലു വർഷങ്ങളിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ, മണ്ണെണ്ണ എന്നിവയുടെ കണക്ക് അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു.*

(ഇ) കേന്ദ്രം അനുവദിച്ച അഡ്ഹോക്, നോർമൽ വിഹിതമായ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും ഉൾപ്പെടെയുള്ള റേഷൻ സാധനങ്ങൾ പൂർണ്ണമായും ഏറ്റെടുക്കുന്നുണ്ട്.

സംയോജിത പൊതുവിതരണ സമ്പ്രദായം

193 (3943) ശ്രീ. ബെന്നിബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ ;

(സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിന് ലഭിക്കുന്നത് ; വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly